# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4228 13.12.2018-ൽ മറുപടിക്ക്

### വൈഗൈ ത്രഡ്സ് കമ്പനി തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ. ബി. ഡി. ദേവസ്സി | ഉത്തരം<br>ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്ത് പ്രവർത്തിച്ചിരുന്ന, കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനി പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ, കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് ന്യായമായ സഹായം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിയുടെ പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ചപ്പോൾ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നിയമപരമായി അനുവദിക്കേണ്ട ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ആയത് വളരെ കുറവാണെന്ന തൊഴിലാളികളുടെ പരാതി കണക്കിലെടുത്ത് നിലവിൽ ലഭിച്ച ആനുകൂല്യങ്ങൾക്ക് പുറമേ അവരുടെ പുനരധിവാസവും കൂടുതൽ നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്ന വിധത്തിൽ ഒരു പാക്കേജ് രൂപീകരിക്കണമെന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് നടന്ന വിവിധ യോഗങ്ങളിൽ തീരുമാനമായിരുന്നു. വൈഗൈ ത്രെഡ്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികളുടെ പുനരധിവാസവും കൂടുതൽ നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതു സംബന്ധിച്ച് ഒരു പാക്കേജ് തയ്യാറാക്കുന്നതിന് തൊഴിലും പുനരധിവാസവും വകുപ്പ് നടപടികൾ സ്വീകരിച്ച് വരികയാണ്.<br><br>വൈഗൈ ത്രഡ്സ് കമ്പനി നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന സാക്ഷ്യപത്രം തൊഴിൽവകുപ്പ് ഇ.എസ്.ഐ കോർപ്പറേഷന് നൽകുകയും, തൊഴിലാളികൾക്ക് ഇ.എസ്.ഐ മുഖേന അനുവദിക്കുന്ന "രാജീവ്ഗാന്ധി ശ്രമിക് കല്യാൺ യോജന" സ്കീം പ്രകാരമുള്ള ആനുകൂല്യം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ